"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം - ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ചിലെ കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒ.ആർ-17/2020-അറസ്റ്റിലായ പ്രതികളെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ജാമ്യത്തിൽ വിട്ടയച്ചത്- റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.ടി.എസ്.മാത്യുവിനെതിരെയുള്ള അച്ചടക്ക നടപടി - കുറ്റവിമുക്തനാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.34/2023/F&WLD തീയതി,തിരുവനന്തപുരം, 25-01-2023

പരാമർശം:-

1. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ കേരള 29.03.2021 -ലെ 921/A/07/DGPനമ്പർ കത്ത്.
2. 16.02.2022-ലെ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,തൃശ്ശൂർ -ന്റെ ജി 1-46/22 നമ്പർ കത്ത്.
3. 10.06.2022-ലെ FWLD-A2/57/2022-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും
4. 10.07.2022 തീയതിയായി ശ്രീ.ടി.എസ്.മാത്യു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക
5. 11.10.2022-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി4-827/2022 നമ്പർ കത്ത്.

**ഉത്തരവ്**

നിയമവിരുദ്ധമായി തോക്കുപയോഗിച്ച് സ്വകാര്യ സ്ഥലത്ത് നിന്ന് വന്യമൃഗങ്ങളെ വേട്ടയാടുവാൻ ശ്രമിച്ച എന്ന കുറ്റകൃത്യത്തിന് ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ചിലെ കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷനിൽ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് 1972 u/s 2(16), 9, 39(1) 51 പ്രകാരം രജിസ്റ്റർ ചെയ്ത ഒ.ആർ.17/20 കേസ്സിലെ രണ്ടും മൂന്നും പ്രതികളെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ജാമ്യത്തിൽ വിട്ടത് നിയമവിരുദ്ധമായതിനാൽ ടിയാനെതിരെ തുടർനടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ.ടി.എസ്.മാത്യുവിനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,തൃശ്ശൂർ പരാമർശം (2) പ്രകാരം ശുപാർശ

സമർപ്പിക്കുകയും , ആയതു പ്രകാരം സർക്കാർ തലത്തിൽ ശ്രീടി.എസ്.മാത്യു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ പരാമർശം (3) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചു.

ശ്രീ.ടി.എസ്.മാത്യു, പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (5) പ്രകാരം പ്രതിവാദ പത്രികയിന്മേൽ അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. പ്രതിവാദ പത്രികയിൽ ആവശ്യപ്പെട്ടതു പ്രകാരം കുറ്റാരോപിതനായ ശ്രീ.ടി.എസ്.മാത്യുവിനെ 19.12.2022-ന് നേരിൽ കേട്ടു.

ഒ.ആർ 17/2020 കേസ് രജിസ്റ്റർ ചെയ്ത സമയത്തു വന്യജീവി നായാട്ടു നടത്തിയതായോ ശ്രമിച്ചതായോ ഉള്ള തെളിവുകൾ ലഭിച്ചിട്ടില്ലായെന്നും എന്നാൽ ആയതിൽ കൂടുതൽ അന്വേഷണം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയാണുണ്ടായതെന്നും കൂടാതെ ലഭിച്ച തോക്ക് എയർ ഗൺ വിഭാഗത്തിൽപ്പെടുന്നതാണെന്നു ഫോറൻസിക് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്നും കൃത്യ സ്ഥലം വനഭൂമിയിൽ നിന്ന് അകലെയായതിനാലും നായാട്ടുമായി ബന്ധപ്പെട്ട corroborative evidence ലഭിക്കാത്തതിനാലും കേസിന്റെ ശിക്ഷ മൂന്നു വർഷത്തിൽ താഴെ ആയതിനാലും, WL(P) Act 51 (A) പ്രകാരം Schedule 1 & Part II of Schedule II ൽ പ്പെട്ട കുറ്റകൃത്യത്തിനു ജാമ്യം അനുവദിക്കുന്നതിനെ കുറിച്ച് മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളതെന്നും കൂടാതെ മറ്റ് കുറ്റകൃത്യങ്ങൾക്ക് Cr.Pc പ്രകാരമുള്ള നടപടി ക്രമങ്ങളും ബഹു സുപ്രീം കോടതി വിധികളുമാണ് ബാധകമെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ Cr.Pc 169, Cr.Pc 437 (2) എന്നിവ പ്രകാരം രണ്ടും മൂന്നും പ്രതികൾക്ക് ഉപാധികളോടെ ജാമ്യം അനുവദിച്ചതെന്നും1972ലെ വന്യജീവി (സംരക്ഷണ) നിയമ സെക്ഷൻ 50(4) പ്രകാരം പാലിക്കാതിരിക്കുക എന്ന ഉദ്ദേശ്യത്തോടെ ആയിരുന്നില്ല എന്നും മറിച്ചു ഒരു കേസുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടി ക്രമങ്ങൾ Cr.Pc പ്രകാരം പാലിക്കുക മാത്രമാണ് ചെയ്തതെന്നും മേൽ പ്രകാരം നൽകിയ ജാമ്യത്തിന്മേൽ ബഹു കേരള ഹൈക്കോടതിയും യാതൊരു വിധ പരാമർശങ്ങളും നടത്തിയിട്ടില്ലാത്തതുമാണെന്നും ടി കേസിലെ ഒന്നാം പ്രതി എന്ന ആരോപിക്കപ്പെട്ട ആൾ ഒരു നാഷണൽ ഷൂട്ടിംഗ് ചാമ്പ്യൻ ആണെന്നും കൂടാതെ 13.10.2021 ലെ എ2 -2752/21 നമ്പർ കത്ത് പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂർ ഒ.ആർ.17/2020 നമ്പർ കേസ്സിലെ പ്രതികൾക്ക് ജാമ്യം നൽകിയത് ശരിയായ നടപടിയല്ല എന്നും ടിയാന്മാരുടെ ജാമ്യം റദ്ദ് ചെയ്യുവാൻ നിർദേശിച്ചത് പ്രകാരം ജാമ്യം റദ്ദ് ചെയ്യുന്നതിന് ടിയന്മാർക്ക് നോട്ടീസ് നൽകുകയും തുടർന്ന് ടി നോട്ടീസിന് എതിരായി ബഹു കേരള ഹൈകോടതി മുൻപാകെ ജാമ്യാപേക്ഷ സമർപ്പിച്ചതിൽ രണ്ടും, മൂന്നും പ്രതികൾക്ക് ജാമ്യം അനുവദിക്കുകയും ചെയ്തിട്ടുള്ളതാണെന്നും ടി കേസിൽ പരമാവധി അന്വേഷണം നടത്തുകയും എന്നാൽ തെളിവുകളുടെ കുറവ് മൂലം കോടതിയിൽ കേസ്സ് തള്ളി പോകും എന്നത് ബോധ്യപ്പെട്ടതിന്റെയും, കൂടാതെ സർക്കാർ വിരുദ്ധ പരാമർശം ബഹു കോടതിയിൽ നിന്നും ഉണ്ടാകരുത് എന്നത് കൂടി പരിഗണിച്ചാണ് തെളിവുകളുടെ അഭാവത്തിൽ ചാർജ് ഷീറ്റ് സമർപ്പിക്കാത്തതെന്നും, എന്നാൽ മേലധികാരികളുടെ നിർദേശങ്ങൾ നടപ്പാക്കുന്നതിനായി ടി വിഷയത്തിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമോപദേശം കൂടി ലഭ്യമാക്കി ആയത് കൂടി ഉൾപ്പെടുത്തി ചാർജ് ഷീറ്റ്

നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിന്റെ പുരോഗതി യഥാസമയം മേലധികാരികളെ അറിയിച്ചിട്ടുള്ളതുമാണെന്നും ടി കേസ്സിൽ മേലധികാരികളുടെ നിർദേശങ്ങളെ അവഗണിച്ചിട്ടില്ലാത്തതും മേലധികാരികളുടെ നിർദേശങ്ങൾ നിയമപരമായി നടപ്പാക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ശ്രീ.ടി.എസ്.മാത്യു റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഹിയറിങ് വേളയിൽ ബോധിപ്പിക്കുകയുണ്ടായി .

നേരിൽ കേൾക്കുന്ന സമയത്ത് ടി ഉദ്യോഗസ്ഥൻ ഉന്നയിച്ച വാദങ്ങളും ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയും അതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ലഭ്യമാക്കിയ റിപ്പോർട്ടും അഭിപ്രായവും സർക്കാർ വിശദമായി പരിശോധിച്ചു. കൃത്യം നടന്ന എന്ന് പറയപ്പെടുന്ന സ്ഥലം ഫോറസ്റ്റ് ഏരിയായിൽ ഉൾപ്പെടുന്നതല്ലെന്നും ലഭിച്ച തോക്ക് എയർ ഗൺ ആയതിനാൽ Arms Actന്റെ പരിധിയിൽ വരുന്നില്ലെന്നും ആയതുമായി ബന്ധപ്പെട്ട് യാതൊരു കുറ്റകൃത്യം സംഭവ സ്ഥലത്തു നടന്നിട്ടില്ലായെന്നും വ്യക്തമായിട്ടുണ്ട്. എന്നാൽ ആയതിൽ കൂടുതൽ അന്വേഷണം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും ആയതു സംബന്ധിച്ച റിപ്പോർട്ട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിനും, മജിസ്ട്രേറ്റിനു നൽകിയിട്ടുണ്ടെന്നുള്ളതും കാണാവുന്നതാണ്. കൂടാതെ പോലീസിന്റെ സാന്നിദ്ധ്യത്തിൽ KL-64-E-7707 നമ്പർ വാഹനം പരിശോധിച്ചതിൽ യു.എസ്.എ. നിർമ്മിതമായ സ്റ്റീൽ കത്തിയും തോക്ക് വെയ്ക്കുന്നതിനുള്ള സ്റ്റാന്റും, ഇരിക്കുന്നതിനുള്ള സ്റ്റാന്റും, വാഹനത്തിന്റെ പിൻ സീറ്റിലായി തോക്ക് വെയ്ക്കുന്നതിനുള്ള ബോക്സ്, 5 തിരകൾ, 2 ലൈറ്ററുകൾ എന്നിവ കണ്ടെത്തിയിട്ടുള്ളതായും, ടി വഹകൾ സർക്കാർ ബന്തവസ്സയിലെടുത്തിട്ടുള്ളതായും മഹസ്സറിൽ രേഖപ്പെടുത്തിയിട്ടുണ്ട് . ടി കേസിലെ ഒന്നാം പ്രതി എന്ന ആരോപിക്കപ്പെട്ട ആൾ ഒരു നാഷണൽ ഷൂട്ടിംഗ് ചാമ്പ്യൻ ആണെന്നും ഹിയറിങ്ങിൽ വ്യക്തമായിട്ടുള്ളതിനാൽ മേൽ പരാമർശിത വസ്തുക്കൾ കാറിൽ നിന്നും ലഭിച്ചു എന്നതിൽ അതിശയോക്തിയില്ല. ടി കേസിൽ പിടിച്ചെടുത്ത എയർ ഗൺ ബഹു.കോടതി മുഖാന്തിരം ബാലിസ്റ്റിക് പരിശോധന നടത്തുകയും Arms Act നു കീഴിൽ വരുന്നതല്ലെന്ന് ബോധ്യപ്പെട്ടിട്ടുമുണ്ട് . കൂടാതെ ഒ .ആർ.17/2020 നമ്പർ കേസ്സിലെ പ്രതികൾക്ക് ജാമ്യം നൽകിയത് ശരിയായ നടപടിയല്ല എന്നും ടിയാന്മാരുടെ ജാമ്യം റദ്ദ് ചെയ്യുവാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂർ നിർദേശിച്ച പ്രകാരം ജാമ്യം റദ്ദ് ചെയ്യുന്നതിന് ശ്രീ മാത്യു പ്രതികൾക്ക് നോട്ടീസ് നൽകുകയും അറസ്റ്റ് ചെയ്യാൻ പുറപ്പെട്ടെങ്കിലും ടി നോട്ടീസിന് എതിരായി പ്രതികൾ സമർപ്പിച്ച ജാമ്യാപേക്ഷയിൽ ബഹു കേരള ഹൈക്കോടതി രണ്ടും, മൂന്നും പ്രതികൾക്ക് ജാമ്യം അനുവദിക്കുകയും ഉണ്ടായി. ടി വിഷയത്തിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമോപദേശം കൂടി ലഭ്യമാക്കി ആയത് കൂടി ഉൾപ്പെടുത്തി ചാലക്കുടി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഫോറം 1 റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ഭരണ വിഭാഗം ഉപമുഖ്യവനപാലകന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട് . പഞ്ചായത്ത് ഇലക്ഷൻ നടക്കുന്ന വേളയിലാണ് ഈ സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടത്, ശ്രീ മാത്യുവിന് returning ഓഫീസറുടെ ചുമതല കൂടി വഹിക്കുന്ന അവസരത്തിൽ കൂടി പോലീസുമായി കൂടിയാലോചന നടത്തുകയും , ഒരു വനം വകുപ്പ്ദ്യോഗസ്ഥൻ എന്ന രീതിയിൽ തന്നിൽ അർപ്പിതമായ കർത്തവ്യം നിറവേറ്റുന്നതിൽ ടിയാൻ നീതി പുലർത്തിയതായും ചാർജ് ഷീറ്റ് കോടതിയിൽ നല്കുന്നതിനുള്ള നടപടികൾ ടിയാൻ സ്വീകരിച്ചിട്ടുള്ളതായും , ഫോറൻസിക് പരിശോധനയിൽ എയർ ഗൺ Arms Act ന്റെ പരിധിയിൽ വരുന്നതല്ലെന്നും വ്യക്തമാണ്.

മേൽ പരാമർശിത വസ്തുതകളിൽ നിന്നും ഒരു ഇൻവെസ്റ്റിഗേഷൻ ഓഫീസർ എന്ന നിലയിൽ ശ്രീ.മാത്യു നിയമപരമായി സ്വീകരിക്കേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീടി.എസ്.മാത്യുവിനെതിരെ പരാമർശം (3) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ശ്രീ.ടി.എസ്.മാത്യു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര/സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shaji A M
സെക്ഷൻ ഓഫീസർ
Date: 25-01-2023 12:28:50